വത്സലോ വ്രജഗവാം യദഗധ്രോ വന്ദ്യമാനചരണഃ പഥി വൃദ്ധൈഃ
കൃത്സ്നഗോധനമുപോഹ്യ ദിനാന്തേ ഗീതവേണുരനുഗേഡി തകീർത്തിഃ (10–35–22)
ഉത്സവം ശ്രമരുചാപി ദൃശീനാ മുന്നയൻ ഖുരരജഃ ഛുരിതസ്രക്
ദിത്സയൈതി സുഹൃദാശിഷ ഏഷ ദേവകീ ജഠരഭൂരുഡുരാജഃ (10–35–23)

*ശുകമുനി തുടർന്നു:*
പകൽ സമയത്ത് ഭഗവാൻ ശ്രീകൃഷ്ണൻ പശുക്കളെ മേയ്ക്കാൻ പോകുമ്പോൾ ഗോപികമാർക്ക് വിരഹമനുഭവപ്പെട്ടു. അവർ ഇങ്ങിനെ പാടി. 'ഓടക്കുഴൽ വായനയിൽ അഗ്രഗണ്യനായിട്ടുള്ള കൃഷ്ണൻ തന്റെ ചുണ്ടുകൾ ഓടക്കുഴലിൽ അമർത്തി കൈവിരലുകൾ അതിൽ നൃത്തം ചെയ്യാൻ അനുവദിക്കുമ്പോൾ അപ്സരസ്ത്രീകൾ പോലും പ്രേമവിവശരായിത്തീരുന്നു. അല്ലല്ല കൃഷ്ണന്റെ സംഗീതം മാൻപേടകളേയും പശുക്കളേയും ആകർഷിക്കുന്നു. ഹൃദയം പ്രേമസുരഭിലമായിത്തീർന്ന അവർ വായിലിരിക്കുന്ന പുല്ലു തിന്നാൻ പോലും മറന്നിരിക്കുന്നു.'

'കൃഷ്ണൻ പശുക്കളെ വിളിക്കുമ്പോൾ നദികൾ പ്രക്ഷുബ്ധമാവുന്നു. അവർ തിരകളാകുന്ന കൈകൾ ഉയർത്തി കൃഷ്ണപാദരേണുക്കൾ തൊടാൻ ശ്രമിക്കുന്നു. എന്നാൽ അവന്റെ മധുരസ്വരം കേട്ട് അവർ സ്തബ്ദരായി നിന്നുപോവുന്നു. കൃഷ്ണന്റെ ശബ്ദം കേൾക്കുമ്പോൾ മരങ്ങളും വള്ളിച്ചെടികളും ഉല്ലാസത്തിമിർപ്പിൽ തേനൊഴുക്കുന്നു. തേനീച്ചകളും ഹംസങ്ങളും കൊക്കുകളും മറ്റു പക്ഷികളും കൃഷ്ണനു ചുറ്റും കൂടുന്നു. കൃഷ്ണൻ പാടുമ്പോൾ മേഘങ്ങൾ മുരളുന്നു. അവ കൃത്യമായ സമയം പാലിച്ച് കുടപോലെ നിന്ന് പൂക്കൾ ചൊരിയുന്നു. ഇന്ദ്രനും ബ്രഹ്മാവിനും കൂടി കൃഷ്ണന്റെ സംഗീതം കേൾക്കുമ്പോൾ ഭഗവാന്റെ ഗഹനമായ വശ്യശക്തിയുടെ ആഴമളക്കാൻ കഴിയാതെ നിന്നുപോകുന്നു. അപ്പോൾ പിന്നെ വ്യജസ്ത്രീകളായ നമുക്ക് കൃഷ്ണദർശനം കൊണ്ട് ദേഹബുദ്ധിയും ലോകബോധവും നഷ്ടമാവുന്നതിൽ അത്ഭുതമെന്തുള്ളൂ?'

കൃഷ്ണൻ തന്റെ തോഴരോടും തോഴിമാരോടുമൊത്ത് യമുനാതീരത്ത് വിഹരിക്കുമ്പോൾ മന്ദമാരുതൻ അവനെ വീശുന്നു. സ്വർഗ്ഗഗായകർ അവന്റെ മഹിമകളെ വാഴ്ത്തുന്നു. അതാ വരുന്നു കൃഷ്ണൻ വ്യജസംരക്ഷകൻ ഗോപലൻ. മുതിർന്നവർപോലും ആ പാദകമലങ്ങളിൽ വന്ദിക്കുന്നു. പശുക്കളെ മേയ്ക്കാൻ കൊണ്ടുപോയി തിരിച്ചുവരുന്ന കൃഷ്ണൻ തളർന്നപോലെ കാണപ്പെടുന്നുവെങ്കിലും ആ മുഖം എത്ര സുന്ദരവും രമണീയവുമാണ്. കഴുത്തിലണിഞ്ഞ പൂമാല പശുക്കളമ്പടികളിൽ നിന്നുള്ള പൊടിയണിഞ്ഞിരിക്കുന്നു. ആ പശുക്കളാകട്ടെ കൃഷ്ണനേറ്റവും പ്രിയപ്പെട്ടവയത്രേ. ചെറിയൊരാന നടക്കുന്നതുപോലെ അവൻ വരുമ്പോൾ നമ്മിലെ വിരഹദുഃഖമെല്ലാം പൊയ്പ്പോവുന്നു.

അങ്ങിനെ ഗോപികമാർ അവനെക്കുറിച്ചു പാടി. സർവ്വസമർപ്പണം കൊണ്ടും പരിപൂർണ്ണ പ്രേമം കൊണ്ടും ഗോപികമാരുടെ ഹൃദയങ്ങൾ നിറഞ്ഞിരുന്നു.